കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്ത് -2017-18 വർഷം ഏറ്റെടുത്ത വീട് മെയിന്റനൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.929/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 31/03/2018.

വായന:- 1. മാവേലിക്കര — താമരക്കുളം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ12/01/2018 ലെ 2(9) നമ്പർ തീരുമാനം

2. മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19/01/2018 ലെ 328/17 നമ്പർ കത്ത്

3.. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 05/03/2018 ലെ 4.12 നമ്പർ തീരുമാനം.

ഉത്തരവ്

മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ഏറ്റെടുത്ത വീട് മെയിന്റനൻസ് എന്ന പദ്ധതി പ്രകാരം ഏകദേശം 34 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ഉദ്ദേശിച്ചിരുന്നെന്നും 10 മുതൽ 15 വർഷം വരെ കാലപ്പഴക്കം ഉള്ള വീടുകളുള്ളവരെയാണ് ആയതിലേക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും എന്നാൽ വീടുകൾ നിർമിച്ചഘട്ടത്തിൽ യഥാസമയം പഞ്ചായത്തിൽ അപേക്ഷിച്ച് വീടിന് നമ്പർ ഇടാത്തതിനാൽ രേഖകൾ പ്രകാരം ഈ വീടുകൾക്ക് 8 വർഷത്തിലധികം കാലപ്പഴക്കമില്ലെന്നും ആയതിനാൽ തദ്ദേശസ്വയംഭരണ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി നിർണയിച്ചുനൽകുന്ന കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനുള്ള ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്നും വായന(1) ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായന(2) പ്രകാരം താമരക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർഥിച്ചിരുന്നു.

സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു കമ്മിറ്റിയുടെ വായന (1) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്ത് 2017-18 വർഷം ഏറ്റെടുത്ത വീട് മെയിന്റനൻസ് എന്ന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി നിർണയിച്ചുനൽകുന്ന കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് മെയിന്റനൻസിനുള്ള ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ